# The best time to seek God - (Isaiah 55:6)

## *ദൈവത്തെ കണ്ടെത്താവുന്ന നല്ല സമയം*




When I feel alone...

കണ്ടെത്തുക അഥവാ അറിയുക എന്നത് വ്യക്തിബന്ധത്തിലൂടെ ലഭിക്കുന്നതാണ്. ഒരിക്കൽ ആൽബർട്ട് ഐൻസ്റ്റീന്റെ ആപേക്ഷിക സിദ്ധാന്തം അറിയാമോ എന്ന് അദ്ദേഹത്തിന്റെ ഭാര്യയോട് ഒരാൾ ചോദിച്ചു. അതിന് അവർ പറഞ്ഞത് ആ സിദ്ധാന്തം എനിക്കറിയില്ല എന്നാൽ ഐൻസ്റ്റീനെ എനിക്ക് ശരിക്കറിയാം. അദ്ദേഹവുമായുള്ള ദൃഢമായ ബന്ധമാണ് അപ്രകാരം പറയുവാൻ അവരെ പ്രേരിപ്പിച്ചത്.

ഒരു വ്യക്തി ആരാണെന്നറിഞ്ഞെങ്കിൽ മാത്രമേ ആ വ്യക്തിയുമായുള്ള ബന്ധം ദൃഢമാകുകയുള്ളൂ. ആ വ്യക്തിയെ മനസ്സിലാക്കുന്നതിന് അദ്ദേഹവുമായുള്ള സംഭാഷണം ആവശ്യമാണെന്ന് യോഹ:4:1-26 വരെയുള്ള വാക്യങ്ങളിൽ യേശുവും ശമര്യക്കാരിയും തമ്മിലുള്ള സംഭാഷണത്തിൽ നിന്നും മനസ്സിലാകുന്നതാണ്. ദാഹജലത്തെ പ്പറ്റിയുള്ള സംഭാഷണം ശാരീരിക ദാഹവും ആത്മീക ദാഹവും തമ്മിലുള്ള വ്യത്യാസം അവളെ പഠിപ്പിക്കുവാൻ കാരണമായി. ശ്രേഷ്ഠനായ ഈ വ്യക്തിയുമായുള്ള സംഭാഷണം മൂലം അദ്ദേഹത്തെ പ്രവാചകനായി മനസ്സിലാക്കിയവൾ സംഭാഷണം ആരാധനയിലേക്ക് കടന്നപ്പോൾ തന്നോട് സംസാരിച്ചത് യേശു ആണെന്ന് മനസ്സിലാക്കി. □ഞാൻ മശിഹായെ അഥവാ ക്രിസ്തുവിനെ കണ്ടെത്തി□ എന്ന് അവൾ ഉറക്കെ പറഞ്ഞു. അദ്ദേഹവുമായിട്ടുള്ള സംഭാഷണമാണ് അതിന് മുഖാന്തിരമായത്.ഈ ആശയമാണ് യെശ: (55:6)ൽ കാണുന്നത്. ശമർയ്യ സ്ത്രീ ക്രിസ്തുവിനെ കണ്ടെത്തുക മാത്രമല്ല ആ സുവാർത്തയുമായി ഗ്രാമവാസികളെ സമീപിച്ചു. കൂടാതെ താൻ കണ്ടവനെ കാണുവാനായി കൂട്ടിക്കൊണ്ടു വരികയും ചെയ്തു.

അഴിഞ്ഞു പോകാത്ത സ്വർഗ്ഗീയ സമ്പത്ത് അത്രേ യേശു നമുക്ക് തരുന്നത്. ആ സമ്പത്ത് പലർക്കും പ്രയോജനരഹിതമായി തോന്നാം. എന്നാലത് നിത്യതയിലേക്കുള്ള വഴിയാണെന്ന് അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിച്ചവർക്ക് മനസ്സിലാകുന്നു. പാസ്റ്റർ പി.സി.ചാക്കോ ഈ ലോക ജീവിതത്തോട് വിട പറയുവാൻ സമയമായപ്പോൾ ഭാര്യയോടും  മക്കളോടും തന്റെ യാത്രയ്ക്കുള്ള വാഹനം എത്തി എന്ന് പറഞ്ഞശേഷം മൂത്തമകനെ വിളിച്ച് താൻ ഉപയോഗിച്ച വേദപുസ്തകം നൽകി ശുശ്രൂഷ തുടരുവാൻ ആവശ്യപ്പെട്ടു. തുടർന്ന് അലമാരിയിലെ പുസ്തകങ്ങൾ കാട്ടി ഇതുമാത്രമേ നിനക്കു തരുവാൻ എന്റെ കൈവശമുള്ളൂ, യഹോവയെ അന്വേഷിക്കുക. ഞാൻ പോകുന്നിടത്തേക്ക് എല്ലാവരും വരിക. ദൈവവചനം നെഞ്ചോടു ചേർത്തുവച്ച് കണ്ണുനീരോടെ എനിക്കിതുമതി അപ്പാ എന്ന് പറഞ്ഞ മകൻ പില്ക്കാലത്ത് വലിയ ഒരു സുവിശേഷകനായി മാറുക മാത്രമല്ല , കണ്ടെത്താവുന്ന സമയത്ത് ക്രിസ്തുവിനെ അന്വേഷിപ്പാൻ അനേകരെ പഠിപ്പിക്കുകയും ചെയ്തു. നമ്മുടെ അരികിൽ വരുന്ന കർത്താവിനെ മുൻപോട്ടു വിടാതെ ആ വരവ് നാം പ്രയോജനമുള്ളതാക്കണം. ഒരിക്കൽ ബർത്തിമായ് എന്ന കുരുടൻ യേശു വരുന്നു എന്നു കേട്ടറിഞ്ഞ് സമയം തക്കത്തിലുപയോഗിച്ചു. Look, മർക്കോ:10:47-52. സങ്കീ:145:18 ൽ യഹോവ തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു എന്ന് കാണുന്നു. തന്റെ ഭക്തൻമാരുടെ ആഗ്രഹം അവരുടെ നിലവിളി കേട്ട് നടത്തിക്കൊടുക്കുന്ന ദൈവം ബർത്തിമായി തന്നെ വിളിച്ചത് ഏതാവശ്യത്തിനെന്ന് അറിയുകയും ഇരുട്ട് കണ്ണിനെ ബാധിച്ചത് മാറ്റി അവനെ രക്ഷിക്കുകയും ചെയ്തു. പുറംകണ്ണിന് കാഴ്ചയുണ്ടായിട്ടും അകക്കണ്ണ് ഇരുണ്ട് ക്രിസ്തുവിനെ കണ്ടെത്താൻ കഴിയാത്ത അനേകരുണ്ട്. അവരുടെ അകക്കണ്ണ് തുറപ്പിക്കുവാൻ ദൈവവചനത്തിനുമാത്രമേ കഴിയുകയുള്ളൂ.

ദൈവീക ദർശനം കാണുവാൻ ഭാഗ്യം ലഭിച്ച യെശയ്യാവ് താൻ പാപി ആണെന്ന് മനസ്സിലാക്കിയതായി  യെശ:6:1-3 വരെയുള്ള ഭാഗത്ത് കാണുന്നു. ശുദ്ധിയില്ലാത്ത അധരം ആണ് തന്റേത് എന്ന് മനസ്സിലാക്കിയവൻ കണ്ടെത്തുവാൻ കഴിഞ്ഞ കുറവിനെ പരിഹരിച്ചു തരുവാൻ നിലവിളിച്ചു. കുറവു പരിഹരിച്ച ദൈവം പുതിയ ചുമതല ഏൽപിച്ചു. (യെശ:6:6-9)- Read . ദൈവം കണ്ടെത്തി വിളിച്ച് ചുമതല ഏൽപിച്ചപ്പോൾ സമയം തക്കത്തിലുപയോഗിച്ച് മേൽക്കുമേൽ കർത്താവിന്റെ കൃപയിൽ വർദ്ധിച്ച് ഓട്ടം അവസാനം വരെ ഭംഗിയായി ഓടിത്തികച്ചവനാണ് പൗലോസായി മാറിയ ശൗൽ.

Read അപ്പോ:പ്രവ:26:11-18

നമ്മുടെ ദൈവമായ യഹോവയോട് നാം വിളിച്ചപേക്ഷിക്കുമ്പോൾ ഒക്കെയും അവൻ നമുക്കടുത്തിരിക്കുന്നു എന്ന് അറിഞ്ഞ് അവനെ വിളിച്ചപേക്ഷിക്കുക, ദൈവം സമീപസ്ഥനാണ്. രോഗമോ , സാമ്പത്തീക ബുദ്ധിമുട്ടോ ജോലിയിലെ പ്രശ്നങ്ങളോ എന്തുമാകട്ടെ യായിറോസ് എന്ന പള്ളിപ്രമാണിയെപ്പോലെ യേശുവിനെ

കണ്ടെത്താനാകുന്ന സമയത്ത് അന്വേഷിപ്പാൻ തയ്യാറാണോ? ഭയപ്പെടേണ്ട വിശ്വസിക്ക മാത്രം ചെയ്ക എന്ന മറുപടിയാണ് യഹോവയ്ക്ക് നമ്മോടും പറയുവാനുള്ളത് . പരിഹാസികൾ പിൻതിരിപ്പിക്കുവാൻ ശ്രമിക്കും സൂക്ഷിക്കുക.

ദൈവത്തെ കണ്ടെത്തേണ്ട സമയം ഏതെന്ന് ഓർത്ത് ആരും ഭാരപ്പെടേണ്ട. വൈകുന്നേരത്തെക്കാൾ പ്രഭാതമാണ് ഏറ്റവും നല്ല സമയമെന്ന് പുറ 16:12 ൽ നിന്നും മനസ്സിലാക്കാം. പുറ 16:21 ലും രാവിലെ ഭക്ഷിക്കാവുന്നിടത്തോളം മന്നപെറുക്കുക എന്ന് കാണാം. ആഹാരം ശരീരപുഷ്ടിക്കാവശ്യമായതു ദൈവവചനമാകുന്ന ആത്മീയമന്ന പെറുക്കുവാൻ പറ്റിയ സമയം പ്രഭാതമാണ്. കണ്ടെത്തേണ്ട സമയത്ത് സർവ്വശക്തനെ കാണാതെ പകലത്തെ ധ്യുതിയിൽ പ്രവേശിച്ചാൽ പ്രശ്നത്തിന്റെ ചൂടിൽ വാടി പോകും.

പാപം മറച്ചു വച്ച് ക്രിസ്തുവിനെ അന്വേഷിക്കരുത്. നാം വിളിച്ചാൽ ക്രിസ്തു ശ്രദ്ധിക്കണമെങ്കിൽ നമ്മുടെ ഉള്ളം അറിയുന്ന പാപം ക്ഷമിക്കുന്ന കാൽവറിനാഥനോട് ക്ഷമയ്ക്കായ് യാചിക്കുക. വ്യാജത്തിന്റെ വഴികളിൽ നാം നോക്കാതവണ്ണം നമ്മുടെ കണ്ണുകളെ തിരിച്ച് ദൈവീക വഴിയിൽ നമ്മെ ജീവിപ്പിക്കേണമേ എന്ന് പ്രാർത്ഥിച്ചാൽ തക്കസമയത്ത് കണ്ടെത്തുവാനുള്ള കൃപ ദൈവം നമുക്ക് തരുന്നു. Read യെശ:60:19-20

***ദൈവത്തെ കണ്ടെത്തുവാൻ കഴിയുന്ന 5 വഴികൾ***

1. നമ്മുടെ ജീവിത പ്രശ്നങ്ങളെപ്പറ്റിയുള്ള ചിന്ത ഒഴിവാക്കി ക്രിസ്തുവിനെപ്പറ്റി ചിന്തിക്കുക.
2. ദൈവവചനത്തെ ദൈവീകമായവില കൊടുത്ത് ഏറ്റെടുക്കുക.
3. ദൈവം നമുക്കുവേണ്ടി പ്രവർത്തിക്കുമെന്ന് വിശ്വസിക്കുക, വചനത്തിലെ വാഗ്ദത്തങ്ങൾ ഏറ്റെടുത്ത് ഉടൻ തന്നെ പ്രവർത്തിക്കുക.
4. നമ്മിലുള്ള ദൈവം മറ്റുള്ളവരിലുമുണ്ടെന്ന് വിശ്വസിക്കുക.
5. നമ്മുടെ പ്രശ്നങ്ങളെ നാം ചുമ്മാതെ അടുത്തുള്ള ദൈവത്തിലേല്പിച്ച് ആശ്വസിക്കുക.

"Taking time to be with God-
is the best place to find strength".

അതിനാൽ കണ്ടെത്താവുന്ന സമയത്ത് ദൈവത്തെ അന്വേഷിക്കുക. ദൈവത്തിൽ നിന്നകന്നു കഴിയാതെ അവനെ സ്നേഹിക്കുക, എത്രയും വേഗം ആ സ്നേഹബന്ധം ദൃഢമാകുവാൻ ദൈവം കൃപ ചെയ്യട്ടെ. ഏത് ദിവസവും ഏതു പ്രവർത്തിയും പ്രാർത്ഥനയിൽ ആരംഭിക്കുക ദൈവം സമീപസ്ഥനാണ് മറക്കരുത്.

God bless You

Santhamma Varghese

ശാന്തമ്മ വർഗ്ഗീസ്

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg